പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1215 — 12/03/2015-ൽ മറുപടിയ്ക്ക്

## പണയിൽക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി

### ചോദ്യം

ശ്രീ. ബി. സത്യൻ

(എ) തിരുവനന്തപുരം ജില്ലയിൽ നടന്ന റവന്യൂ അദാലത്തിൽ ഒറ്റൂർ വില്ലേജിൽ റീസർവ്വേ നമ്പർ 116/8-ൽ 3 സെന്റ് ഭൂമി അംഗൻവാടി നിർമ്മാണത്തിനായി അനുവദിച്ചുകൊണ്ടും പണയിൽക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയെന്നറിയിച്ചുകൊണ്ടുമുള്ള ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപന പ്രകാരമുള്ള ഉത്തരവ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് ഫയൽ നമ്പരുൾപ്പെടെ വ്യക്തമാക്കാമോ ?

### ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) യും (ബി) യും തിരുവനന്തപുരം ജില്ലയിൽ ഒറ്റൂർ വില്ലേജിൽ റീസർവ്വേ നമ്പർ 116/8-ൽ പ്പെട്ട ഭൂമിയും റീസർവ്വേ നമ്പർ 116/9-ൽപ്പെട്ട പട്ടയ ഭൂമിയും ഒന്നായി കിടക്കുന്നത് അളന്ന് വേർതിരിക്കുന്നതിനെതിരെ പട്ടയ ഭൂമിയുടെ ഉടമസ്ഥർ ബഹു. വർക്കല മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത കേസ് തീർപ്പായാൽ മാത്രമേ വസ്തു ഏറ്റെടുത്ത് പഞ്ചായത്തിന് അനുവദിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പരാമർശ കേസ് തീർപ്പാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ ചെറുന്നിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 7 റീസർവ്വേ നമ്പർ 574/4, 566/13 എന്നിവയിൽപ്പെട്ട വസ്തുക്കൾ ബി.റ്റി. ആറിൽ 'ഭൂസ്ഥിതിവഴിയെന്നും' പുറമ്പോക്ക് രജിസ്റ്ററിൽ 'സർക്കാർ പുറമ്പോക്കെന്നും' രേഖപ്പെടുത്തിയിരിക്കുന്നത് ഇനംമാറ്റി ഉത്തരവായിട്ടുണ്ട്. ഇനി ഏറ്റെടുക്കാനുള്ള സ്ഥലത്തിന് പ്രത്യേക അർത്ഥന നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് കളക്ട്രേറ്റിൽ നടപടി സ്വീകരിച്ചുവരുന്ന ഫയൽ നമ്പർ കെ.5-81576/13 എന്നതാണ്.

സെക്ഷൻ ഓഫീസർ.